

**Bismillah-ir-Rahman-ir-Rahim**

# *Message of the Khalifatullah*

**HAZRAT MUNIR A. AZIM (ATBA)**

# REVELATIONS, ADVICES & WARNINGS

**(11 March 2020 * 16 Rajab 1441 AH)**



# REVELATIONS, ADVICES & WARNINGS

**ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ആഗോള ആത്മീയ നേതാവ് ഹസ്രത് മുഹ്യിദ്ദീൻ അൽഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം(അ) 2020**

## പ്രത്യേക സന്ദേശം

## വെളിപാടുകൾ, ഉപദേശങ്ങൾ, മുന്നറിയിപ്പുകൾ:

പ്രിയ സഹോദരന്മാരെ! സഹോദരിമാരെ! കുഞ്ഞുങ്ങളെ!

നിങ്ങൾക്ക് ദൈവത്തിൽ നിന്നുള്ള സമാധാനവും, അനുകമ്പയും, അനുഗ്രഹങ്ങളും ഉണ്ടാകട്ടെ!

അൽഹംദുലില്ലാഹ്! 2020 മാർച്ച് 28ന് സുഹ്ർ, അസ്ർ നമസ്ക്കാരത്തിന് ശേഷം, എന്റെ സൃഷ്ടാവിനോട് ഞാൻ വളരെയധികം പ്രാർത്ഥനകൾ നടത്തുകയുണ്ടായി! അപ്പോൾ അല്ലാഹു(ത) എനിക്ക് അനേകം വെളിപാടുകൾ നല്കുകയുണ്ടായി. എന്നെ വരിഞ്ഞു മുറുക്കിയ എന്റ ആരോഗ്യത്തെബാധിച്ച അനേകം കഠിന പരീക്ഷണങ്ങൾക്ക് ശേഷമാണ് എനിക്ക് പ്രസ്തുത വെളിപാടുകൾ ലഭ്യമായത്. ഈ കാര്യങ്ങളെകുറിച്ച് ചിന്തിച്ച്, എന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ പൊഴിഞ്ഞു. ഞാൻ അല്ലാഹുവിനോട് കേണപേക്ഷിച്ചു! അവനിൽ നിന്നുള്ളവിലയുള്ള സഹായത്തെതേടി! ഞാനൊടുവിൽ ക്ഷീണത്തിൽ കിടന്നു. ഈ അവസ്ഥയിൽ, അൽഹംദുലില്ലാഹ്! സുമ്മ അൽഹം ദുലില്ലാഹ് സർവ്വശക്തനായ അല്ലാഹു(ത) എനിക്കൊരു ധൈര്യം ഇട്ടു തന്നു. അസാധാരണമായ ഒരു സുഗന്ധം വെളിപ്പടുത്തിയതോടൊപ്പം എനിക്ക് സംസ്കൃതത്തിൽ കുറെ വാക്കുകൾ വെളിപാടുകളായി ലഭിക്കുകയുണ്ടായി. ഈ സുഗന്ധം വെളിപ്പെട്ടകാരണത്താൽ, അതോടൊപ്പം ഞാൻ പുകയും കാണുകയുണ്ടായി. സംസ്കൃതത്തിലുള്ള ഈ വെളിപാടുകൾ അതിനുമാണ് എനിക്ക് എന്റെ മുൻപാകെ പ്രത്യക്ഷീഭവിച്ചത്.

1. യവത് സ്ഥാസ്യാൻതി ഗിരായത് ശരിതാഷ് ഛാ
മഹിതലേ, തവദ് റാവദ് ഭഗ്വാൻ കഥാ ലോകേഷു
പ്രചാരിഷ്യതി

പർവ്വതങ്ങളും തടാകങ്ങളും ഭൂമിയിൽ ഉള്ളടത്തോളം കാലം, സർവ്വശക്തനായ ദൈവം ഈ ലോകത്ത് പ്രകാശിപ്പിക്കുന്നതു തുടർന്നുകൊണ്ടിരിക്കും.

2. അസത്തോ മഃ സത്ഗമയഃ
തമസോമഃ ജ്യോതിർ ഗമയഃ
മൃത്യോർമ അമൃതംഃ ഗമയഃ
അസത്യത്തിൽ നിന്നും സത്യത്തിലേക്കം
അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്കും
മൃത്യുവിൽ നിന്നും അമരത്വത്തിലേക്കും നയിക്കേണമെ!

അതേ തുടർന്ന് അല്ലാഹു(ത) എനിക്ക് വെളിപ്പെടുത്തുക യുണ്ടായി. അല്ലാഹു(ത)അവൻ തന്നെയാണ് അവന്റെ ഖലീഫയെ തെരഞ്ഞെടുത്തത്. പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തുന്നത് മനുഷ്യ നല്ല.അർഹിക്കുന്നവർക്കു വേണ്ടി (അവൻ) അല്ലാഹു(ത) നല്കുന്ന ഒരു ആനുകൂല്യമാണ്. അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട ഖലീ ഫ, ജീവിതത്തിനു വേണ്ടിയാണ് ഭൂരിപക്ഷമുണ്ടോ എന്ന ചോദ്യം പോലും അവിടെ ഉദിക്കുന്നില്ല.

മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പി ക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനുവേണ്ടി (അധ്യായം 30:42അൽഹം)

## കൊറോണാ വൈറസ്

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ, അല്ലാഹു(ത) അനേകം പ്രാവശ്യം എനിക്ക് വെളിപാടുകൾ നല്കുകയുണ്ടായി. അതായത് മാനവകുലം അപകടത്തിലാണ് എന്ന്! മാനവകുലത്തെ പൊതുവിൽ ഭയാനകമായ ഒരു വൈറസ് ആക്രമിക്കുകമെന്ന്! 2002 മുതൽ 2003 വരെ ഖലീഫത്തുല്ലാഹ്യ്ക്ക് ഈ വെളിപാടുകൾ ആവർത്തിച്ചാ വർത്തിച്ച് വന്നുകൊണ്ടിരുന്നു. (അതായത് ഈ വിനീതന്) ഇത് മാനവകുലത്തിന് മുന്നറിയിപ്പ് നല്കുവാനായിട്ടാണ് വിശിഷ്യാ വിശിഷ്യാ വിശ്വാസികളെ പീഡിപ്പിക്കുന്നവരുടെ മേൽ! കഴിഞ്ഞ നൂറ്റാണ്ടിൽ നിന്നും തികച്ചും ഭിന്നമായ ഒരു നൂറ്റാണ്ടിലെ ലോക ത്തിലാണ് ജീവിക്കുന്നത്. ലോകം ഇന്ന് എല്ലാ മേഖലകളിലും നൂതന കാര്യങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു, വികസിപ്പിച്ചെടുത്തിരിക്കുന്നു. ദൈവത്തിന് തൃപ്തിയുണ്ടാകുന്ന എല്ലാ വഴികളിൽ നിന്നും അവർ വഴിമാറി സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. നന്മയുടെയും പരിശുദ്ധി യുടെയും പരിധികൾ അവർ അതിലംഘിച്ചിരിക്കുന്നു. വിശുദ്ധ നിയ മങ്ങളൊക്കെ ലംഘിക്കപ്പെട്ടിരിക്കുന്നു. പൊങ്ങച്ചത്തിന്റെയും ദുരഭിമാ നത്തിന്റെയും ഒരു ജീവിതമാണ് അവർ നയിച്ചുകൊണ്ടിരിക്കുന്നത്.

ഈ ലോകത്തിലെ സാധനസാമഗ്രികളുടെ അതിമോഹം, അവരെ വ്യക്തിപരമായി സംതൃപ്തിയിലാഴ്ത്തിയിരിക്കുന്നു. ഇതെല്ലാം ദൈവീക കല്പനകളെ നിരാകരിക്കുന്നതാണ്. ദൈവത്തിന്റെ/വീക്ഷണത്തിൽ ഇപ്രകാരം ചെയ്യുന്നത് വളരെ വലിയ കുറ്റം തന്നെയാണ്. അവന്റെ കല്പനകൾ നിരാകരിച്ചുകൊണ്ട് ഒരുതരയുദ്ധത്തിന് തയ്യാറായത് അന്തസ്സില്ലാത്ത വില്ലത്തരമാണ്, അതൊരു ദൗഷ്ട്യം തന്നെയാണ്.

ജനങ്ങളുടെ മേൽ ദൈവത്തിന്റെ പ്രതികാര നടപടി, അടിച്ചേല്പിക്കുന്നതെപ്പോൾ? അവരുടെ ഭൗതികവും മതപരവുമായ നന്മയ്ക്കായി അവരെ ഭരിക്കുന്നതിനായി ദൈവം നേതാക്കന്മാരെ നിയോഗിക്കുമ്പോൾ, അവരെ നിരാകരിക്കുമ്പോൾ, അനുസരണക്കേട് കാണിക്കുമ്പോൾ ദൈവശിക്ഷ എന്ന നിലയിൽ പ്രതികാരനടപടി ആരംഭിക്കുന്നു. ഈ ആളുകൾ ശത്രുക്കളായി മാറുകയും അധികാരപ്പെടുത്തിയവരെ നശിപ്പിക്കുവാനും തുടങ്ങുന്നു. അവർ നിയമരഹിതരമായി പ്രവർത്തിക്കുന്നു. അനീതി പൂർവ്വം വർത്തിക്കുന്നു. ധിക്കാരിയായി, ഉദ്ധതനായി പെരുമാറുന്നു. പുരോഗതിയെ തടയുവാനാണത്, എതിർപ്പിലൂടെയും, വിരോധത്തിലൂടെയും, പകയിലൂടെയും, ശത്രുതയിലൂടെയും! ഇപ്രകാരം ചെയ്യുന്നതിലൂടെ ദൈവം സ്ഥാപിച്ച എല്ലാ ബന്ധങ്ങളും അവർ മുറിക്കുന്നു. സർവ്വശക്തൻ അവന്റെ അനന്തമായ ബുദ്ധി വൈഭവത്താൽ കൊണ്ടു വന്നതിനെയെല്ലാം അവർ നിരാകരിക്കുന്നു.

ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ വരുകതന്നെ ചെയ്യുന്നുണ്ട്. വ്യക്തവും ശക്തവുമായ വാദമുഖങ്ങളുമായിട്ടായിരിക്കും അദ്ദേഹം വരുന്നത്, ശക്തവും വ്യക്തവുമായ സാക്ഷ്യങ്ങളെല്ലാം ഉണ്ടായിരിക്കും, എന്നിരുന്നാലും നിരസിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കോപം ഇറങ്ങുന്നതാണ്. അവരുടെ തന്നെ സങ്കുചിതമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ അടയാളങ്ങൾ അവർ നിരാകരിക്കുന്നു. അവർ അദ്ദേഹത്തെ പ്രയാസപ്പെടുത്തുന്നു; അവർ അദ്ദേഹത്തിന്റെ മേൽ കുറ്റം ആരോപിക്കുന്നു; അവർ അദ്ദേഹത്തെ വഴക്കുപറയുന്നു; അവർ അദ്ദേഹത്തെ മതനിന്ദകൾ എന്നു പറയുന്നു; നാസ്തികൻ എന്നു പറയുന്നു, അവർ അദ്ദേഹത്തെ വധിക്കുവാനും പദ്ധതി തയ്യാറാക്കുന്നു.

വളരെ ശക്തമായ രാഷ്ട്രങ്ങൾ എന്നു കരുതിയിരുന്ന ലോകത്തിലെ രാജ്യങ്ങളിലും മറ്റനേകം രാജ്യങ്ങളിലും കൊറോണവൈറസ് എന്ന ഒരു വൈറസ്, ഇത് അവരുടെ കാല്മുട്ടിനരികെ എത്തിയിരിക്കുന്നു. ദൈവക്രോധത്തിന്റെ മുമ്പിൽ കഴിവുറ്റവർ എന്നുകരുതിയിരുന്നവർ ഇതാ നിസ്സഹായകരായി നില്ക്കുന്നു. ലോകത്തിലെ ഏറ്റവും

ശക്തരായവർ എന്നവകാശപ്പെട്ടിരുന്നവരോട്, ഭൂമിയിലെ ദൈവങ്ങൾ എന്ന് ചമഞ്ഞിരുന്നവരെ, നിങ്ങൾ ഒരിക്കൽ കൂടി ചിന്തിക്കൂ !

നിങ്ങൾ യഥാർത്ഥത്തിൽ ശക്തരാണെങ്കിൽ, എന്തേ നിങ്ങൾക്കിത്ര അമിതഭീതി! എന്താ സ്കൂളുകൾ അടയ്ക്കുന്നത്? എന്താ കടകൾ അടയ്ക്കുന്നത്? സൂപ്പർമാർക്കറ്റുകൾ അടയ്ക്കുന്നതെന്തിനാണ്? കടകളും ഓഫീസുകൾ പോലും അടയ്ക്കുന്നതെന്തേ? നിങ്ങൾ നിങ്ങളെപറ്റി സ്വയം കരുതിയിരുന്നു. നിങ്ങൾ ശക്തിയുള്ളവരാണ്; ധനമുള്ളവരാണ് എന്നൊക്കെ! എന്നിട്ടെന്തേ ഇത്ര ഭയം? അന്താരാഷ്ട്ര വിമാന സർവ്വീസുകളൊക്കെ നിർത്തിവെച്ചതെന്തേ? ഭയം പിടികൂടിയിരിക്കുകയാണല്ലേ? റിസർവേഷനൊക്കെ എവിടെ? യാത്രയുടെ മുമ്പിൽ ജനങ്ങൾ ശങ്കിച്ചു നില്ക്കുന്നു. ചിലർ യാത്ര പിന്നീടാകട്ടെ എന്ന് വെയ്ക്കുന്നു.

അനേകം രാജ്യങ്ങളിൽ കൊറോണ വൈറസ് ആയിരങ്ങളെ ബാധിച്ചുകഴിഞ്ഞിരിക്കുന്നു. ചൈനയിലും, ഇറ്റലിയിലും മറ്റനേകം രാജ്യങ്ങളിലും രേഖപ്പെടുത്തിക്കഴിഞ്ഞു. കൊറോണോ വൈറസ് മൂലം മരണപ്പെട്ടവരുടെ എണ്ണം കൃത്യമായി വെളിപ്പെടുത്താത്ത ഭരകൂടങ്ങളുമുണ്ട്. ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ ഭയമാണ്. ഓരോ കുടുംബത്തിലും ഭയമാണ്, ലോകത്തിലെ ഓരോ രാജ്യത്തും ഭയമാണ് (അതു വലിയ രാജ്യമായാലും ചെറിയ രാജ്യമായാലും ശരി, ദ്വീപുകളായാലും ശരി)

സർവ്വശക്തനായ ദൈവം സാംക്രമീക രോഗമായ കൊറോണ വൈറസിനെ വിവിധ രാജ്യങ്ങളിലുള്ള എല്ലാ ജനങ്ങളിലേക്കും അയച്ചിരിക്കുന്നു. ഈ വൈറസിന് അതിൽ ഒരു മമതയും അനുകമ്പയും ഇല്ലാതെയാണ് ആഗതമായിരിക്കുന്നത്. ജനങ്ങളിതാ, അവർ ജന്തുക്കളായി തീർന്നിരിക്കുന്നു. തങ്ങളുടെ സഹമനുഷ്യരുടെ ശവശരീരങ്ങളിൽ നിന്ന് അവ ഭക്ഷണം കഴിക്കുന്നു. സാമൂഹ്യമായ യാതൊരു വിവേചനവുമില്ലാതെ.

ഞാൻ സംസാരിക്കുന്നത്, മുഴു മാനവകുലത്തോടുമാണ്. നിങ്ങളിപ്പോൾ ബോധവാന്മാരാണ്, ബോധവതികളുമാണ്. കൊറോണാ വൈറസ് സ്ഥാപിതമായിരിക്കുന്നു. അത് ലോകമെങ്ങും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ അതിശക്തമായ ആക്രമണം നിങ്ങളുടെ ഇഷ്ടഭാജനങ്ങളെ ഒന്നും ഒഴിവാക്കുകയില്ല. അതു നിങ്ങൾക്ക് വളരെ വലിയ വേദന നല്കുന്നതാണ്. നിങ്ങളറിയുക; ദയവായി മനസ്സിലാക്കുക, കാര്യം എങ്ങനെയൊക്കെ ആണെങ്കിലും ഈ അഗ്നിപരീക്ഷ, കടുത്ത ആപത്ത്, പരമയാതന, ഈശ്വരപരീക്ഷാപരമായ ഇത് നിങ്ങ

ളിലേക്ക് ഇട്ടുകൊണ്ട്, ദൈവം കരുണാനിധി ആയവൻ, അതിബുദ്ധ മാനായവൻ, നിങ്ങളെ പരീക്ഷിക്കുകയാണ്, നിങ്ങളെ അവൻ കോപ ത്തോടെയും പ്രതികാരത്തോടെയും സമീപിച്ചിരിക്കുകയാണ്.

നിങ്ങൾ തീർത്തും ഓർത്തിരിക്കേണ്ടതാണ്. ഭയാനകമായ സാംക്രമിക രോഗം ദൈവദൂതന്റെ കാലങ്ങളിൽ ഉണ്ടാകുന്നതാണ് എന്ന് വിശുദ്ധഖുർആനിൽ പ്രവചിച്ചിട്ടുള്ളതാണ്. (അവരുടെ നാശ ത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് പുലർന്നുകഴിഞ്ഞാൽ അവരെ മുറിവേ ല്പിക്കുന്ന ഒരു ജന്തുവിനെ ഭൂമിയിൽ നിന്നും നാം അവർക്കു വേണ്ടി പുറത്തു കൊണ്ടു വരുന്നതാണ്. ജനങ്ങൾ നമ്മുടെ ദൃഷ്ടാന്തങ്ങ ളിൽ വിശ്വസിക്കാത്ത കാരണത്താലാണിത് (27:83 അന്നാല്)

ബൈബിളിലും ഇത്തരം പ്രവചനങ്ങളുമുണ്ട്. ഉദാഹരണം യെരു ശലേമിനോട് യുദ്ധം ചെയ്ത സകലജനതകളെയും യഹോവ ശിക്ഷി ക്കുവാനുള്ള ബാധ ഇതാകുന്നു. അവർ നിവർന്ന് നില്ക്കുമ്പോൾ തന്നെ അവുടെ മാംസം ചീഞ്ഞഴുകിപോകും. അവരുടെ കണ്ണുകൾ അതിന്റെ തടത്തിൽ വെച്ചുതന്നെ ചീഞ്ഞഴുകിപോകും. അവരുടെ നാവ് വായിൽ തന്നെ ചീഞ്ഞഴുകി പോകും (14:12 സെഖര്യാവ്)

ജനതജനതയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും, പകർച്ച വ്യാധിയും അവിടവിടെ ഉണ്ടാകും. (24:7 മത്താ യി) ഈ പ്രവചനങ്ങളുടെ സത്യതയെ എതിർക്കുവാൻ/തർക്കിക്കു വാൻ ഒരാൾക്കും സാധ്യമല്ല. എന്റെയും എന്റെ വിശ്വസ്തരായ അനു ജരന്മാരുടെയും ഉത്തരവാദിത്വമാണ്, ഭൗതികമായ ഒരു സാധനവും, ഇതിനായി ഉപദേശ രൂപണ സ്വീകരിക്കാതിരിക്കു എന്നത്, ഇതിൽ നിന്നും അവർ സ്വയം രക്ഷപ്പെടുന്നതിനായി!

കൊറോണാ വൈറസിനോ അല്ലെങ്കിൽ മറ്റേതെങ്കിലും രോഗ ത്തിനോ പ്രതിരോധ മരുന്നകളോ പ്രതിരോധ രീതികളോ അവലം ബിക്കുന്നത് നിയമവിരുദ്ധമാണ് എന്ന് ഞാൻ പ്രഖ്യാപിക്കുന്നില്ല.ഇസ്ലാ മിലെ പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു ഒരു രോഗവുമില്ല; ദൈവം അതിനുള്ള പ്രതിവിധി നല്കാതെ, എന്നാൽ ഞാൻ ഇതിനെ കണക്കാക്കുന്നത് ഒരു തെറ്റായിട്ടാണ്. ഒരു പാപമാ യിട്ടാണ്. ദൈവീക ദൃഷ്ടാന്തത്തെ ഒരു കുത്തിവെപ്പിലൂടെ മറച്ചു വെയ്ക്കുന്നത്! കാരണം അല്ലാഹു(ത) എനിക്കും എന്റെ നിഷ്ക്കളങ്ക രായ അനുചരന്മാർക്കും, എന്നെ ആത്മാർത്ഥമായി വിശ്വസിച്ചവർക്ക് അവന്റെ (അല്ലാഹുവിന്റെ) പ്രത്യേകമായ അനുഗ്രഹം അവരുടെ മേൽ ഇറക്കുവാൻ കാണിക്കുവാൻ അവൻ ഉദ്ദേശിക്കുന്നു. ആയതിനാൽ അല്ലാഹു(ത) വാഗ്ദാനം ചെയ്ത കാര്യത്തെ, അടയാളത്തെ, ദൈവീക

അനുഗ്രഹത്തെ, കുറച്ചു കാണുവാനോ, അപമാനിക്കുവാനോ എനിക്ക് കഴിയില്ല. അതുകൊണ്ടാണ് വാക്സിനേഷൻ എടുക്കാൻ കഴിയാത്തത്, അങ്ങനെവന്നാൽ ദൈവവാഗ്ദാനത്തിൽ വിശ്വാസമില്ലാത്തവനായി ഞാൻ മാറില്ലേ? അതിനെനിക്ക് എന്റെ അനുചരന്മാർക്കു കഴിയുമോ?

ഈ മഹാവിപത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഗവൺമെന്റിന്റെ പൊതു നയം എന്നെനിക്കറിയാം. ആയതിനാൽ വാക്സിനേഷൻ അല്ലാത്ത ഏതു തരം നല്ല പരിഹാരവും സന്തോഷത്തോടെ അവർക്ക് സ്വീകരിക്കാവുന്നതാണ്. എന്റെ ഈ തീരുമാനം പരിഗണിക്കുമ്പോൾ മനസ്സിലാകും ഞാൻ ഗവർണമെന്റ് നയത്തിന് എതിരല്ലാ എന്ന്! സർവ്വശക്തനായ അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. എന്റെ സമുദായത്തിലെ ആളുകൾ, ഈ ദൈവീക ദൃഷ്ടാന്തവുമായി ആത്മാർത്ഥത പുലർത്തുവാൻ, ഈ വിനീത ദാസനിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നവർ, ഈ നൂറ്റാണ്ടിലെ ദൈവദാസനായ എന്നിൽ നിഷ്ക്കളങ്കമായി വിശ്വസിക്കുന്നവർ, എന്നെ പൂർണ്ണമായും അനുസരിക്കുന്നവർ, അല്ലാഹു(ത)യുടെ തിരഞ്ഞെടുത്ത ദാസനെതിരിൽ സംസാരിക്കാത്തവർ, ഞാനുമായി വഴക്കിടാത്തവർ, ഇത്തരം ആളുകൾ അവരുടെ എണ്ണം പരിഗണിക്കാതെ, കൊറോണ വൈറസിൽ നിന്നും അപേക്ഷിക്കുകയായി സുരക്ഷിതരായിരിക്കുന്നതാണ്. ഇൻശാ അല്ലാഹ്! എന്റെ നിഷ്ക്കളങ്കരായ അനുചരന്മാർ അല്ലാഹുവിന്റെ സഹായത്താൽ കൊറോണവൈറസിന് കൂടുതൽ സംരക്ഷണയുള്ളവർ തന്നെ ആയിരിക്കും.

ഞാനീ പറയുന്നതുകേട്ട് ചിലരെങ്കിലും കളിയാക്കിയേക്കാം, പരിഹസിച്ചേക്കാം. മറ്റു ചിലർ കിറുക്കനെന്നു പറയാം, വെറിപിടിച്ചവനെന്നും പറയാം. അല്ലാഹു(ത) എന്നെ അറിയിച്ചിരിക്കുന്നു എന്നെ പരിഹസിക്കുന്നവനെ അല്ലാഹു(ത) ശിക്ഷിക്കുന്നതാണെന്ന്! അവന്റെ കോപം അനേകം ജീവനുകൾ നശിപ്പിക്കപ്പെടും. എന്നാൽ അവൻ എന്നോട് പറഞ്ഞിരിക്കുന്നു.

അല്ലയോ, ഞാൻ തെരഞ്ഞെടുത്ത ദാസാ! നിന്നിൽ ആത്മാർത്ഥമായി വിശ്വസിച്ചവരുടെ കാര്യത്തിൽ, നിന്റെ ഹൃദയം വിഷമിക്കാതിരിക്കട്ടെ! അവർ സുരക്ഷിനായിരിക്കം, അവർ സമാധാനത്തോടെ ജീവിക്കും. എന്നാൽ കുറ്റവാളികൾ സുരക്ഷിതരാണെന്ന് നീ കരുതരുത്. (ആ കുറ്റവാളികൾ, വിശ്വാസികളെ പീഡിപ്പിച്ച കുറ്റവാളികൾ ; അവരുടെ വിശ്വാസത്തിന്റെ പേരിൽ; ഏകനായ അല്ലാഹുവിൽ വിശ്വസിച്ചതിന്റെ പേരിൽ പീഡിപ്പിച്ച കുറ്റവാളികൾ) നാം അവരുടെ ഭവനങ്ങളെ

സമീപിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ എന്റെ സൈന്യത്തെ തയ്യാറാക്കി കഴിഞ്ഞു. കൊറോണാ വൈറസിന്റെ അണുക്കളെ പല മടങ്ങുകളായി വർദ്ധിപ്പിക്കുന്നതാണ്. ആളുകളെ അവരുടെ വീടുകളിൽ ചേതനയറ്റു കിടക്കുന്നതു നീ കാണും, മൃഗങ്ങൾ ചത്തുകിടക്കുകന്നതുപോലെ! ആ ദിനം ദൈവത്തിന്റെ വിജയദിനമാണ്.

അല്ലാഹു(ത) തുടർന്നു പറയുന്നു, ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ (2001 മുതൽ) കരുണാവാരിധിയായ ഞാൻ, നിന്റെ പ്രയാസങ്ങളൊക്കെ നീക്കം ചെയ്യുന്നവനുമാണ് എന്നറിയുക. നിശ്ചയമായും ഞാൻ തന്നെയാണ് ഖലീഫത്തുല്ലാഹ് ആയി നിന്നെ ഉയർത്തിയത്, മുഹ്‌യിദ്ദീൻ എന്ന നിലയിൽ ഉയർത്തിയവനും ഞാൻ തന്നെയാണ്. തീർച്ചയായും എന്റെ ദൂതന്മാർ എന്റെ സാന്നിദ്ധ്യത്തിൽ ഭയപ്പെടുന്നവരല്ല. ഞാനാണ് നിങ്ങളുടെ സംരക്ഷകൻ. ഞാനാണ് നിങ്ങളെ പിന്താങ്ങുന്നത്. ഞാനാണ് നിങ്ങളെ നിയോഗിച്ചത്, എന്റെ സത്യത ലോകത്തോട് നീ വിശദീകരിക്കുന്നു, ഒരു സമയം സമാഗതമാകുന്നതാണ്, നിന്നെ ഞാൻ ഒരു സമുന്നത പദവിയിലേക്ക്, അപ്പോൾ ഉയർത്തുന്നതാണ്. അത് ഈ ലോകം നിന്നെ വാഴ്ത്തിപാടുന്നതാണ്. നീ നിന്റെ കണ്ണുനീർ തൂകരുത്, എന്തെന്നാൽ ഈ കണ്ണുനീർ നിന്റെ ശത്രുക്കളെ മുക്കിക്കൊല്ലുന്നതായി മാറുന്നതാണ്. ജനങ്ങളിൽ ആരാണോ നിന്നെ പ്രയാസപ്പെടുത്തിയത് (നിന്നെ പ്രയാസപ്പെടുത്തിയതിന് കാരണക്കാരായവർ) നിന്റെ ദാരുണമായ അന്ത്യം കാണാൻ ആഗ്രഹിച്ചവർ, അവരുടെ കാര്യം ഞാൻ നോക്കിക്കൊള്ളും. നീ എന്നിൽ മാത്രം കാര്യങ്ങൾ ഭരമേല്പിക്കുക. ഭൗതിക ലോക പരീക്ഷണങ്ങൾ തുടരുന്നതാണ്. എന്നാൽ നീ മറന്നു പോകരുത്. നിശ്ചയം ആശ്രയം ഉറപ്പായും ലഭിക്കുന്നതാണ്. അല്ലയോ, എന്റെ ഖലീഫത്തുല്ലാഹ്! വിജയം നിന്നോടൊപ്പമാണ്. പരാജയം നിന്റെ ശത്രുക്കൾക്കുള്ളതാണ്. പ്രസ്തുത ദിനത്തിന്റെ ദൃഷ്ടാന്തത്തിനായി ക്ഷമയോടെ കാത്തിരിക്കുക! ഈ വെളിപാടുകൾ നിന്റെ സൃഷ്ടാവിൽ നിന്നുള്ളതാകുന്നു.

അല്ലയോ, മാനവകുലമെ, സർവ്വശക്തനായ ദൈവം എന്നെ അറിയിച്ചിരിക്കുന്നു. അതായത് ദൈവത്തിന്റെ ദൂതനെ (അവന്റെ ഖലീഫയെ) ജനങ്ങൾ അംഗീകരിക്കുകയാണെങ്കിൽ അല്ലെങ്കിൽ അവർ അദ്ദേഹത്തിന് യാതൊരുവിധ ഉപദ്രവവും ഏല്പിക്കുന്നില്ലെങ്കിൽ, അപ്പോൾ അവർക്ക് ദൈവീക കാരുണ്യം നല്കപ്പെടുന്നതാണ്. സത്യം ഇതാണ്, ദൈവദൂതനെ വെറുതെ നിഷേധിക്കുന്നതിലൂടെ, ഈ ഭൂമിയിൽ വെച്ച് ദൈവം അവരെ കഠിനമായി ശിക്ഷിക്കുന്നതല്ല. മറിച്ച്, അതിക്രമങ്ങൾ അഴിച്ചുവിട്ടാൽ, കുറ്റപ്പെടുത്തൽ അതിരുകടന്നാൽ, പീഢ

നങ്ങൾ വർദ്ധിപ്പിച്ചാൽ, അവരെ ഈ ലോകത്തു വെച്ചും ശിക്ഷിക്കുന്നതാണ്, അതു മരണത്തിലൂടെയും, നാശത്തിലൂടെയുമായിരിക്കും, ഇപ്പോൾ ജനങ്ങൾ നിഷ്ക്കളങ്കമായ നിലയിൽ, എല്ലാ മോശപ്രവർത്തികളിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങിയാൽ, ദൈവം നിശ്ചയമായും ഈ ഭയാനകമായ സാംക്രമിക രോഗത്തെ നീക്കം ചെയ്യുന്നതാണ് അതായത് കൊറോണ വൈറസിനെ!

ആയതിനാൽ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. അതായത് അവന്റെ അനന്തമായ അനുഗ്രഹത്താൽ, ഭയാനകമായ ഈ ദുരന്തത്തിൽ നിന്നും നമ്മെയും നമ്മുടെ സ്നേഹിതരെയും രക്ഷിക്കുന്നതിനായി! എന്നാൽ ഇത് ബുദ്ധിമാൻമാർക്കും ദൂരെക്കാഴ്ചയുള്ളവർക്കും മാത്രമെ മനസ്സിലാവുകയുള്ളു. ആയതിനാൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക, കുഴപ്പമുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും നിങ്ങൾ അകലം പ്രാപിക്കുക. അങ്ങനെ ആയാൽ നിങ്ങൾ രക്ഷപ്പെട്ടേക്കാം. ശിക്ഷിക്കാതെ വിട്ടേക്കും. ഇത് നിങ്ങളോട് ആവർത്തിച്ച് പറയേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. അങ്ങനെ ആയാൽ ഞാൻ എന്റെ ജോലി വേണ്ടതു പോലെ നിർവ്വഹിച്ചില്ല എന്ന പേരിൽ കുറ്റപ്പെടുത്തപ്പെടുകയില്ല.

ഈ തിന്മയിൽ നിന്നും മോചനം തേടുക. സ്വാർത്ഥതയില്ലാതെ, പ്രാർത്ഥനയിലൂടെ, ദാനധർമ്മങ്ങൾ നല്കി ആകട്ടെ പ്രസ്തുത മോചനം. ദൈവം നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകൾക്ക് മാപ്പ് നല്കുന്നതാണ്, എന്നിട്ട് നിങ്ങളെ മോചിപ്പിക്കുന്നതാണ്. നിങ്ങളുടെ ന്യൂനകളിൽ നിന്ന് സ്വതന്ത്രനാക്കപ്പെടും. അങ്ങനെ നിങ്ങൾക്ക് ദൈവീക കാരുണ്യത്തിന് സാക്ഷ്യം വഹിക്കുവാൻ കഴിയുന്നതാണ്. ഞാനിത് നിങ്ങളോട് പറയുന്നത് കശ്ഫിലൂടെയാണ്; (ദൈവീക വചനബോധനങ്ങളിലൂടെയാണ്) എന്റെ ഈ വാക്കുകളുടെ സത്യത, പെട്ടെന്ന് തന്നെ, നിങ്ങൾ സാക്ഷ്യം വഹിക്കുന്നതാണ്)

ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, ദൈവീക ദൃഷ്ടാന്താരംഭത്തിൽ, അല്ലാഹു(ത) എന്നോട് ആവർത്തിച്ചാവർത്തിച്ച് പറയുകയുണ്ടായി, മരണഹേതുകമായ സാംക്രമിക രോഗത്തെകുറിച്ച്! എന്നാൽ ഹേ! കഷ്ടമേ! പിന്തിരിഞ്ഞു പോയവരുടെ കഷ്ടമേ! ഈ വെളിപാടുകളുടെ സത്യത അംഗീകരിക്കാതെ പോയവരുടെ കഷ്ടമേ! ഈ ദൈവീക വചനങ്ങളെപ്പറ്റി പൂർവ്വികരുടെ കെട്ടുകഥകൾ എന്ന് പറഞ്ഞ് പോയവരുടെ ദയനീയ അവസ്ഥ! എത്ര കഷ്ടം ! അൽഹംദുലില്ലാഹ്! എന്റെ ഇൻഡ്യാ സന്ദർശനവേളയിൽ, കൂടുതൽ കൃത്യമായി പറഞ്ഞാൽ കേരളത്തിലെ നൂറുൽ ഇസ്ലാം പള്ളിയിൽ വെച്ച്,

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ വിശ്വാസികളുടെയും മുൻപിൽ വെച്ച് അല്ലാഹു എനിക്ക് ചൈനീസ് ഭാഷയിൽ വെളിപാട് ഇറക്കുകയുണ്ടായി. അതോടൊപ്പം മറ്റനേകം കാര്യങ്ങളും! അതിൽ ലോകത്തുണ്ടാകുന്ന കലാപങ്ങളും വിപത്തുകളും ലോകനാശവും അറിയിക്കപ്പെടുകയുണ്ടായി.


നമുക്ക് ദൈവം വിധിച്ചതല്ലാതെ മറ്റൊന്നും സംഭവിക്കാനില്ല അവനാണ് നമ്മുടെ ഭരണാധികാരി. അവനാണ് നമ്മുടെ സംരക്ഷകൻ. നമ്മുടെ കാര്യങ്ങൾ ഭരമേല്പിക്കുന്നത് അവനിൽ മാത്രമാണ്. ആയതിനാൽ നിങ്ങൾ അവനിൽ ഭരമേല്പിക്കുക. ഏകനായ ദൈവത്തിൽ! സമാനതകളില്ലാത്ത ദൈവത്തിൽ! ദൈവേഛയ്ക്കായി, അവന്റെ മുമ്പിൽ നിങ്ങളെ സമർപ്പിക്കുകയാണെങ്കിൽ, എല്ലാ കാര്യങ്ങളും ശരിയായ നിലയിൽ കലാശിക്കുന്നതാണ്. ആയതിനാൽ ഫസ്ബിർ സബ്റൻ ജമീല ഏറ്റവും നല്ല ക്ഷമ കൈക്കൊള്ളുക. ഇൻശാ അല്ലാഹ്!

അൽഹംദുലില്ലാഹ് ! ഔദ്യോഗികമായി നമ്മുടെ ജമാഅത്ത് രജിസ്റ്റർ ചെയ്തിട്ട് 12 വർഷങ്ങൾ പിന്നിടുകയാണ്. (10മാർച്ച് 2008) നാളെ മൗറിഷ്യസ് അതിന്റെ 52-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. (28-ാംമത് റിപ്പബ്ളിക്ക് ദിനാഘോഷവും) നമുക്കോരോരുത്തർക്കും നമ്മുടെ ഓരോരുത്തരുടെയും മാതൃരാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കാം. അല്ലാഹു(ത) ജനങ്ങളുടെ ഹൃദയങ്ങൾ സത്യത്തിലേക്കും അവന്റെ ദൃഷ്ടാന്തങ്ങളിലേക്കും അവന്റെ ഏകത്വത്തിലേക്കും തുറക്കട്ടെ! അവൻ എപ്പോഴും അവന്റെ തണലിൽ നമ്മെ സംരക്ഷിട്ടെ! ആമീൻ, സുമ്മ ആമീൻ!

എന്റെ ഈ സന്ദേശം കേട്ടുകൊണ്ടിരുന്ന നിങ്ങൾക്ക് എല്ലാവർക്കും നന്ദി!

അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ് വ ബർക്കാത്തുഹു!

ഇൻശാ അല്ലാഹ്! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*